സത്യം സമത്വം സ്വാതന്ത്ര്യം

**ശുഭാപ്തി വിശ്വാസി ഏത് അപകടത്തിലും നല്ല സാധ്യതകൾ കാണും. ദോഷൈകദൃക്ക് ഏത് സാധ്യതയിലും അപകടം കാണും**

◆ വിൻസ്റ്റൺ ചർച്ചിൽ ◆

## പാർലമെൻറ് സ്തംഭനം ഒഴിവാക്കണം

**വി**ലക്കയറ്റം, ഫോൺചോർത്തൽ, ഐ.പി.എൽ. നടത്തിപ്പിലെ ക്രമക്കേടുകൾ തുടങ്ങിയ വിവാദങ്ങളിലുടക്കി പാർലമെൻറിൻെറ നടപ്പുസമ്മേളനം ഏറെ പ്രക്ഷുബ്ധമായിരിക്കയാണ്. സഭയുടെ പ്രവർത്തനം രണ്ടുദിവസം സ്തംഭിക്കുകയുംചെയ്തു. ഏതു കക്ഷി പ്രതിപക്ഷത്ത് വന്നാലും പ്രശ്നം ഉന്നയിക്കുന്നതിൻെറ പേരിൽ സഭയുടെ പ്രവർത്തനം തടസ്സപ്പെടുത്തൽ ഇപ്പോൾ സാധാരണമായിട്ടുണ്ട്. ഈ പ്രവണത തുടരുന്നത് പാർലമെൻറിൻെറ സാർഥകമായ പ്രവർത്തനത്തിന് തടസ്സമാവും. പാർലമെൻറ് കാര്യക്ഷമമായി പ്രവർത്തിക്കണമെന്നത് ജനാധിപത്യ ഭരണക്രമത്തിൽ വളരെ പ്രധാനമാണ്. നിയമനിർമാണവും ജനങ്ങളുടെ പ്രശ്നം ചർച്ചചെയ്യലുമാണ് പാർലമെൻറിൽ നടക്കേണ്ടത്. പ്രശ്നം ഉന്നയിക്കുന്നതിൻെറ ശക്തികൂട്ടാൻ വേണ്ടി സഭാബഹിഷ്കരണവും നടുത്തളത്തിലിറങ്ങി സഭാനടപടി തടസ്സപ്പെടുത്തലുമൊക്കെയാണ് ഇപ്പോഴത്തെ പതിവുരീതികൾ. ഇങ്ങനെ സഭയുടെ പ്രവർത്തനം തടസ്സപ്പെടുന്നതിൻെറ മറവിൽ യഥാർഥത്തിൽ ചർച്ചനടക്കേണ്ട പല നിയമങ്ങളും പാസായിവരികയും ചെയ്യും. പെട്രോളിയം ഉത്പന്നങ്ങൾ, വളം എന്നിവയുടെ വിലവർധനയ്ക്കെതിരെ ബി.ജെ.പി.യും ഇടതുകക്ഷികളും നൽകിയ ഖണ്ഡനപ്രമേയത്തിന് മുന്നോടിയായാണ് ഈയാഴ്ച സഭ രണ്ടുദിവസം സ്തംഭിച്ചത്.

ഖണ്ഡനപ്രമേയത്തെ കേന്ദ്രസർക്കാർ തന്ത്രപൂർവം അതിജീവിച്ചു. വിലക്കയറ്റമെന്ന പ്രശ്നം പ്രതിപക്ഷം ഉന്നയിച്ചുതുടങ്ങിയിട്ട് ഒരു കൊല്ലത്തോളമായി. എന്നാൽ, അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് സാധാരണക്കാർക്ക് ആശ്വാസം നൽകാൻ സർക്കാരിന് സാധിച്ചിട്ടില്ല. സ്വകാര്യതാലംഘനപ്രശ്നം ഉൾപ്പെട്ട ഫോൺചോർത്തൽ വിവാദവും ഗൗരവപൂർണമായ ചർച്ച ആവശ്യമുള്ള വിഷയമാണ്. അതിനിഗൂഢമായി വിവരശേഖരണം നടത്തുന്ന നാഷണൽ ടെക്നിക്കൽ റിസർച്ച് ഓർഗനൈസേഷൻ എന്ന ഇൻറലിജൻസ് ഏജൻസി, പ്രകാശ് കാരാട്ടിൻെറയും മറ്റും ഫോൺചോർത്തിയെന്ന മാധ്യമറിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് പ്രതിപക്ഷം ഈപ്രശ്നം സഭയിൽ ഉന്നയിച്ചത്. കാർഗിൽ യുദ്ധത്തെത്തുടർ

# ടൂറിസ്റ്റ് വഴിയിലെ മത്സ്യഗ്രാമങ്ങൾ

“**ആ**ഘോഷപൂർവമായ ഒരു മത്സ്യഗ്രാമം. അതാണ് ഞങ്ങളുടെ റിസോർട്ട്. മത്സ്യത്തൊഴിലാളികളുടെ വീടുകൾ രൂപാന്തരപ്പെടുത്തിയതാണ് പാർപ്പിടങ്ങൾ'' -ആലപ്പുഴയിലെ സ്വകാര്യ റിസോർട്ടിൻെറ ഇൻറർനെറ്റ് പരസ്യത്തിലെ വാചകമാണിത്.

'ഫിഷർമെൻ വില്ലേജ്' എന്ന പേരിൽത്തന്നെ ഇവിടെ റിസോർട്ടുകളുണ്ട്. ഗ്രാമീണ ജീവിതത്തിന് ടൂറിസം മേഖല നല്കുന്ന പ്രാധാന്യമുണ്ട് ഈ വരികളിൽ. എന്നാൽ, അത്രയൊന്നും ജനകീയമല്ല ടൂറിസത്തിൻെറ പുതിയ സഞ്ചാരങ്ങൾ. വാസ്കോ-ഡ-ഗാമ കപ്പലിറങ്ങിയ കോഴിക്കോട് ജില്ലയിലെ കാപ്പാട്ട് അടുത്തിടെയുണ്ടായ സംഭവംതന്നെ ഉദാഹരണം. 2009 സപ്തംബറിലാണ് വിനോദസഞ്ചാര വികസനത്തിൻെറ ഭാഗമായി കുറുമ്പ്രനാട് ഹോട്ടൽ ആൻഡ് ടൂറിസത്തിൻെറ നേതൃത്വത്തിൽ 'അക്വാഫ്രോലിക് വാട്ടർ സ്പോർട്സ്' എന്ന ജലവിനോദ പരിപാടി ഇവിടെ ഏർപ്പെടുത്തിയത്.

തിരമാലകളെ കീറിമുറിച്ച് ഓടുന്ന ജെറ്റ് സ്കീ റൈഡ്, ബനാന റൈഡ്, റിംഗോ റൈഡ്, ബോട്ടിൻെറ സഹായത്തോടെ ആകാശത്ത് സഞ്ചരിക്കാവുന്ന പാരച്യൂട്ട് റൈഡ് എന്നിവയായിരുന്നു ഇനങ്ങൾ. ലക്ഷങ്ങൾ ചെലവിട്ട് ജർമനി, ജപ്പാൻ, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽനിന്ന് ഉപകരണങ്ങൾ എത്തിച്ചു. ഉദ്ഘാടന വേളയിലാണ് പദ്ധതിക്കെതിരെ പ്രതിഷേധമുയർന്നത്.

മത്സ്യത്തൊഴിലാളികൾ ഏറെയുള്ള ഇവിടെ അവരുടെ തൊഴിലിന് ബുദ്ധിമുട്ടായതാണ് പ്രശ്നം. ഉയർന്ന വേഗവും ശബ്ദവുമുള്ള വാഹനങ്ങൾ ജലോപരിതലത്തിൽ ചീറിപ്പാഞ്ഞുതുടങ്ങിയതോടെ ഈ മേഖലയിൽ മീനുകൾ ഇല്ലാതായി. എതിർപ്പ് ശക്തമായതോടെ നാലുമാസം കഴിഞ്ഞപ്പോൾ പദ്ധതി നിർത്തി.

പദ്ധതികൾ നടപ്പാക്കുമ്പോൾ തദ്ദേശവാസികളുടെ പ്രശ്നങ്ങൾ പരിഗണിക്കാത്തതിൻെറ പരിണതഫലമാണ് ഈ അന്ത്യം.

പ്രദേശത്തിൻെറ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാതിരിക്കുമ്പോഴാണ് കൊട്ടിഗ്ഘോഷിച്ച് ടൂറിസം പദ്ധതികൾ വരുന്നത്. സുനാമിയിൽ മൂന്നുപേർ മരിച്ച ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയിൽ അടുത്തിടെ നടന്ന കുടിൽകെട്ടി സമരം അതുപോലെ ഒന്നിൻെറ ഭാഗമായയാണ്.

'ആദ്യം വീട്, പിന്നെ ടൂറിസം' എന്ന മുദ്രാവാക്യവുമായി ജില്ലാ കടലോര-കായലോര മത്സ്യത്തൊഴിലാളി യൂണിയൻെറ (എ.ഐ.ടി.യു.സി.) നേതൃത്വത്തിൽ സുനാമി ഭവനരഹിതർ നടത്തിയ 93 ദിവസത്തെ സമരം കഴിഞ്ഞ ഫിബ്രവരി 20-നാണ് തീർന്നത്.

അരൂർ മണ്ഡലത്തിലെ കുത്തിയതോട്, തുറവൂർ മേഖലകളിൽ കടൽ വേലിയേറ്റരേഖയുടെ 10 മീറ്ററിനുള്ളിൽ കഴിയുന്ന 127 കുടുംബങ്ങളാണ് സുനാമി ഭവനപദ്ധതിയിൽ വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തത്.

ഭവനരഹിതരുടെ ആവശ്യങ്ങളെ ആരും തിരിഞ്ഞുനോക്കാതിരിക്കുമ്പോൾ, തൊട്ടുമുന്നിൽ, സുനാമി പുനരധിവാസ ഫണ്ടിൽനിന്ന് 4.19 കോടി രൂപ ചെലവിൽ ടൂറിസം വകുപ്പിൻെറ കടലോരം മോടിപിടിപ്പിക്കൽ തകൃതിയായി നടന്നു.

സമരത്തിൻെറ 79-ാം ദിവസം ഭരണമുന്നണിയിലെ പ്രമുഖ കക്ഷിയുടെ നേതൃത്വത്തിൽ സമരക്കുടിൽ പൊളിച്ചുകളഞ്ഞു. കൈയേറ്റത്തിൽ എട്ട് സ്ത്രീകൾ ഉൾപ്പെടെ 11 പേർക്ക് പരിക്കേറ്റിരുന്നു. എന്നിട്ടും സമരം തുടർന്നപ്പോഴാണ് ഇവരുടെ ആവശ്യങ്ങൾ പരിഗണിച്ചത്. ഒടുവിൽ സമരം ചെയ്തവർ ഉൾപ്പെടെ അരൂർ മണ്ഡലത്തിലെ 468 പേർക്ക് വീടനുവദിച്ചു.

**മത്സ്യത്തൊഴിലാളികൾ ഏറെയുള്ള പ്രദേശങ്ങളിൽ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാതിരിക്കുമ്പോഴാണ് കൊട്ടിഗ്ഘോഷത്തോടെ ടൂറിസം പദ്ധതികൾ വരുന്നത്. അന്ധകാരനഴിയിൽ അടുത്തിടെ നടന്ന കുടിൽകെട്ടി സമരം അതുപോലെ ഒന്നിൻെറ ഫലമായിരുന്നു**



**ദേശാടനത്തിൻെറ തീരക്കാഴ്ചകൾ**

അന്ധകാരനഴിയിൽ സംഘടനാബലം കൊണ്ട് ആവശ്യങ്ങൾ നേടിയെടുക്കാനായെങ്കിൽ ചിലയിടങ്ങൾ അധികൃതരും സംഘടനകളും ഒരുപോലെ അവഗണിച്ചവയാണ്. ആക്കൂട്ടത്തിലാണ് തിരുവനന്തപുരം വേളി ടൂറിസം വില്ലേജിനടുത്തെ പൊഴിക്കരയിൽ താമസിക്കുന്ന 70 കുടുംബങ്ങൾ.

പ്രശസ്തശില്പി കാനായി കുഞ്ഞിരാമൻെറ ലാൻഡ് സ്കേപ്പിൻെറയും ശില്പങ്ങളുടെയും ചാരുതകൊണ്ട് കൗതുകം പകരുന്നതാണ് ടൂറിസം വില്ലേജ്. ഇവിടെ കായലിൽ പെഡൽ ബോട്ട് സഞ്ചാരത്തിനും സൗകര്യമുണ്ട്. പാർക്കിൽ നിന്ന് ഫ്ലോട്ടിങ് ബ്രിഡ്ജ് കടന്നാൽ കടപ്പുറത്തെത്താം. ഇവിടത്തെ പൊഴിക്കരയുടെ ഇടതുഭാഗത്താണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നത്. മുമ്പ് തീരത്തുതന്നെ താമസിച്ചിരുന്ന ഇവർ 1986-ൽ കടൽക്ഷോഭം ഉണ്ടായപ്പോഴാണ് പൊഴിക്കരയിലേക്ക് മാറിയത്.

2002-ൽ 55 പേർക്ക് സർക്കാർ വീടുവെച്ചുകൊടുത്തു. അവഗണനയുടെയും അലംഭാവത്തിൻെറയും സ്മാരകങ്ങളാണ് ഇപ്പോൾ ഈ വീടുകൾ.

40,000 രൂപ ചെലവിട്ട് ഇഷ്ടിക കൊണ്ട് നിർമിച്ച വീടുകളിൽ വിള്ളൽ വീഴാത്തവയില്ല. ഏതുനിമിഷവും ചുമർ ഇടിഞ്ഞുവീഴാം. ഇടയ്ക്കിടെ മേൽക്കൂരയിൽ നിന്ന് സിമൻറുപാളികൾ അടർന്നുവീഴും. മഴക്കാലത്ത് ചോർന്നൊലിക്കും. വീടിൻെറ അപകടാവസ്ഥകാരണം പലരും താമസമുപേക്ഷിച്ച് പോയി.

മറ്റൊരിടമുള്ളവർക്ക് വിട്ടുപോകാം. അതിനുകഴിയാത്തവർ എന്തുചെയ്യും? ഓർമവെച്ചകാലം മുതൽ ഞങ്ങൾ ഇവിടെയുണ്ട്-പ്രദേശവാസിയായ ജി.കല ചോദിക്കുന്നു.

55 പേരിൽ 22 പേർക്ക് പട്ടയം കിട്ടി. 2004-ൽ സുനാമിക്കുശേഷം തീരദേശനിയമം ശക്തമാക്കിയപ്പോൾ ബാക്കിയുള്ളവർക്ക് കൈവശരേഖമാത്രമായി. നിയമത്തിൻെറ പേരിൽ ദരിദ്രകുടുംബങ്ങൾക്ക് പട്ടയം നിഷേധിക്കപ്പെട്ടപ്പോൾ ടൂറിസം വകുപ്പ് ഒരു 'സൗജന്യം' ചെയ്തു. തീരത്തിനും മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കും ഇടയിൽ സഞ്ചാരികൾക്ക് നടന്നുല്ലസിക്കാൻ 'വാക്ക്‌വേ' പണിതു. അതു സുനാമി പുനരധിവാസ പദ്ധതിയിൽ 1.76 കോടിരൂപ ചെലവിൽ. ഇത് ഉദ്ഘാടനം ചെയ്യും മുമ്പുതന്നെ വിള്ളൽ വീണുകഴിഞ്ഞു.

ഇവിടേക്കുള്ള അപ്പൻപിള്ള റോഡ് ടാർചെയ്തിട്ട് 12 വർഷമായി എന്നതാണ് മറ്റൊരു വൈരുധ്യം. ഇക്കാര്യങ്ങൾ ടൂറിസം ഡയറക്ടർ എം.ശിവശങ്കറിൻെറ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മറുപടി: ''റോഡും വീടും ഉണ്ടാക്കൽ ഞങ്ങളുട പണിയല്ല. അതിന് വേറെ ഏജൻസികളുണ്ട്. ടൂറിസ്റ്റുകൾ വന്നതിൻെറ പേരിൽ റോഡുതകർന്നാൽ അത് നന്നാക്കേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്.'' അപ്പോൾ ഒരുചോദ്യം: ''പിന്നെന്തിനാണ് സുനാമി ഫണ്ടിൽ നിന്ന് പണം വാങ്ങിയത്?''

ഇതിൽ നിന്ന് 100 കോടി രൂപ ചെലവഴിച്ച് 29 ടൂറിസം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്!

**നാളെ: അതിഥികൾ വരുന്നു, നിങ്ങൾ ഒഴിയണം**